(സി) 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന ഈർച്ച മില്ലിനോട് ചേർന്ന് പ്രസ്തുത തീയതിക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ നിലവിൽ അതേമാതിരി പ്രവർത്തിക്കുന്നതിന് അനുമതിയുള്ളൂ. ബാക്കിയുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

വനഭൂമിയുടെ പരിപാലനം

287 (2116) ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വനഭൂമിയുടെ പരിപാലനം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിലപാടിന് അടിസ്ഥാനമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാർഗ്ഗരേഖയുടെ കരട് സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

(ബി) സ്വാഭാവിക വനം സ്വകാര്യ മേഖലയ്ക്ക് കൈമാറേണ്ടതില്ല. ശോഷിച്ച പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വനവികസന ഏജൻസികളുടെ പങ്കാളിത്തത്തോടെ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നിവയാണ് നിലപാട്.

(സി) വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിക്കുക, വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുക, ഈ പ്രവർത്തനങ്ങൾക്കായി അധികവിഭവ സമാഹരണം നടത്തുക എന്നിവയാണ് പ്രസ്തുത നിലപാടിനുള്ള കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly